## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 683** **09-08-2023 - ൽ മറുപടിയ്ക്ക്**

## കോട്ടയം ടെക്സ്റ്റൈൽസ് പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ കോട്ടയം ടെക്സ്റ്റൈൽസിലെ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കോട്ടയം ടെക്സ്റ്റൈൽസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോവുകയാണ്. നവീകരണത്തിന്റെ അഭാവവും ഉൽപ്പാദന ക്ഷമതയിലെ കുറവും രാജ്യത്ത് അടുത്തിടയായി ടെക്സ്റ്റൈൽ മേഖലയിൽ മൊത്തമായി ബാധിച്ച പ്രതിസന്ധിയും കോട്ടയം ടെക്സ്റ്റൈൽസിനെ പ്രതികൂലമായി ബാധിച്ചു. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലം മില്ലിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ 02.03.2023 മുതൽ ഘട്ടംഘട്ടമായും തുടർന്ന് 15.05.2023 മുതൽ തുടർച്ചയായും മില്ല് ലേ ഓഫിലാണ്. മേൽ സാഹചര്യത്തിൽ സാമ്പത്തിക സഹായത്തിനായി കോർപ്പറേഷൻ സർക്കാരിനെ സമീപിച്ചു. ഈ സാമ്പത്തിക വർഷം പ്രവർത്തന മൂലധനമായി 5 കോടി രൂപ 04.08.2023 ന് കോർപ്പറേഷന്റെ ട്രഷറി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 107.5 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം പുന:രാരംഭിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. മിൽ തുറന്നു പ്രവർത്തിക്കുന്നതിലേക്കായി, പ്രധാന കുടിശികകളായ വൈദ്യുതി കുടിശികയ്ക്കായി 20 ലക്ഷം രൂപയും, അസംസ്കൃത വസ്തുക്കൾക്കായി 64 ലക്ഷം രൂപയും, തൊഴിലാളികളുടെ ലേ ഓഫ് വേതനയിനത്തിൽ 17.5 ലക്ഷം രൂപയും ബാക്കി മറ്റു കുടിശികകൾക്കുമായാണ് മേൽപ്പറഞ്ഞ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തന മൂലധനം വിനിയോഗിച്ച് നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കോട്ടയം ടെക്സ്റ്റൈൽസിലെ പ്രധാന പ്രശ്നമായ നൂൽ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | അസംസ്കൃത വസ്തുവായ പരുത്തിയുടെ അനിയന്ത്രിതമായ വില വർദ്ധനവ് കോട്ടയം ടെക്സ്റ്റൈൽസ് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ്. മില്ലുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ വരുത്തുവാനായി, ഗുണനിലവാരമുള്ള പരുത്തി ന്യായമായ വിലയിൽ വാങ്ങുന്നതിനായി സർക്കാർ അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കോട്ടൺ ബോർഡിന് പ്രവർത്തന മൂലധനത്തിനായി റിവോൾവിംഗ് ഫണ്ടായി ഒരു കോടി രൂപയ്ക്ക് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയും, പ്രസ്തുത തുക അനുവദിച്ച് നൽകുകയും ചെയ്തു. |
| (സി) | ഭീമമായ വൈദ്യുതി കുടിശ്ശിക ഉണ്ടായത് പരിഹരിക്കുന്നതിന് അടിയന്തര ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | കോട്ടയം ടെക്സ്റ്റൈൽസിലെ നിലവിലെ മൊത്തം വൈദ്യുതി കുടിശിക 765.64 ലക്ഷം രൂപയാണ്. ഭീമമായ വൈദ്യുതി കുടിശിക നിലനിൽക്കുന്ന സാഹചര്യ ത്തിൽ സാമ്പത്തിക സഹായത്തിനായി കോർപ്പറേഷൻ സർക്കാരിനെ സമീപിക്കുകയും, സർക്കാരിൽ നിന്നും പ്രവർത്തന മൂലധനം 5 കോടി രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 20 ലക്ഷം രൂപ വൈദ്യുതി കുടിശിക ഭാഗികമായി അടച്ചു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | നൂലിന്റെ വിലവർദ്ധനവും ലഭ്യതക്കുറവും കാരണം പ്രതിസന്ധിയിലായിരിക്കുന്ന ടെക്സ്റ്റൈൽ മേഖലയെ രക്ഷിക്കുവാൻ പുതിയ പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത സ്ഥാപനം വൈവിധ്യവൽക്കരിക്കാനും ആധുനികവൽക്കരിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | രാജ്യത്താകെ ടെക്സ്റ്റൈൽ രംഗം വലിയ പ്രതിസന്ധിയെ നേരിടുകയാണ്. അയൽ സംസ്ഥാനങ്ങളിൽ ഉൾപ്പെടെ മില്ലുകൾ അടച്ചുപൂട്ടി. യൂണിയൻ ഗവൺ മെന്റിന്റെ നയങ്ങളിൽ മാറ്റം വന്നാൽ മാത്രമേ ഈ പ്രതിസന്ധി മറികടക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ പ്രതിസന്ധിയ്ക്ക് മുമ്പ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടം ഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തി വരുന്നു. മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉൽപ്പാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളോട് മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ 7 മില്ലുകൾക്കും, പുതിയ വികസന പദ്ധതികൾക്കും, ടെസ്റ്റിംഗ് ലാബിനും (CARDT) വേണ്ടി വരുന്ന 10 വർഷത്തേയ്ക്കുള്ള 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വളരെ പഴക്കം ചെന്ന മൂന്നു മില്ലുകളിലും ഭാഗീകമായി നവീകരിക്കപ്പെട്ട ഒരു മില്ലിലും, പുതിയ മൂന്നു മില്ലുകളിലും അത്യാധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളായ ഓട്ടോ കോണർ, യാൺ കണ്ടീഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കൽ, യൂണിറ്റുകളിലെ നിലവിലെ സാങ്കേതിക വിദ്യയായ ലാപ് ഫീഡ് ടെക്നോളജിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ച്യൂട്ട് ഫീഡ് ടെക്നോളജിയിലേക്കുള്ള മാറ്റം, കൂടാതെ നിലവിലെ പഴക്കം ചെന്നതും, കാലഹരണപ്പെട്ടതുമായ യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കുക എന്നീ നവീകരണ വികസന പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരുന്നു. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുമ്പോൾ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ ലാഭകരമാക്കുന്നതിന് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തി നായി മാസ്റ്റർപ്ലാൻ പദ്ധതിയിൽ 59.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ആദ്യ ഗഡുവായി, രണ്ട് ഓട്ടോ കോണർ മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി 15.15 കോടി രൂപയ്ക്ക്, നടപ്പ സാമ്പത്തിക വർഷം പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ